LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് സബ് ജയിൽ 2013-ൽ ജില്ലാ ജയിലായി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. ഈ ജയിലിൽ 54 പേരെ പാർപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ, സർവ്വേ നമ്പർ 424-ൽ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 10 ഏക്കർ സ്ഥലം ജില്ലാ ജയിൽ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

പതിച്ചു നൽകിയ വനഭൂമി

188 (4523) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മേയ് മാസത്തിനുശേഷം വിവിധ ആവശ്യങ്ങൾക്കായി എത്രമാത്രം വനഭൂമി സംസ്ഥാനത്ത് പതിച്ചു നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വനഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും അതിൽ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എത്ര വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭൂമി പതിച്ചു നല്കുന്നത് റവന്യൂ വകുപ്പാണ്. 2015 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് വനഭൂമി വനം വകുപ്പ് നേരിട്ട് പതിച്ചു നൽകിയിട്ടില്ല.

ഓരോ ജില്ലകളിലും വിതരണം ചെയ്ത ഭൂമി

189 (4524) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മേയ് മുതൽ 2011 മേയ് വരെ വനാവകാശ നിയമപ്രകാരം എത്ര ഏക്കർ ഭൂമി എത്ര പേർക്കായി വിതരണം ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2011 ജൂണിനുശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി എത്ര പേർക്കായി വിതരണം ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) കേന്ദ്ര വനാവകാശ നിയമ പ്രകാരം 2011 ജൂണിനുശേഷം ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഭൂസർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് സർവ്വേ നടത്തിയത് ; ഇതിൽ എത്ര ഏക്കർ ഭൂമി എത്ര പേർക്ക് വിതരണം ചെയ്യുന്നതിന് എഫ്. ആർ. സി. ശിപാർശ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2006 മേയ് മുതൽ 2011 മേയ് വരെ 16723 പേർക്ക് 20502.22 ഏക്കർ വനഭൂമിക്കും, 2011 ജൂൺ മുതൽ 31-5-2015 വരെ 7898 പേർക്ക് 12568.58 ഏക്കർ വനഭൂമിക്കും റ്റൈറ്റിൽ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

വനംവകുപ്പിൽനിന്നും വീട് നിർമ്മാണത്തിനാവശ്യമായ തടി

190 (4525) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽനിന്നും സ്വകാര്യ വ്യക്തികൾക്ക് വീട് നിർമ്മാണത്തിലേക്ക് ആവശ്യമായ തടി ലഭ്യമാക്കുന്നതിലേക്ക് നിലവിൽ വ്യവസ്ഥകൾ ഉണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ വ്യാപാരികളുമായി മത്സരിച്ച് തടി വാങ്ങുവാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കി നടപടികൾ ലഘൂകരിച്ച് വീടു നിർമ്മണ ആവശ്യത്തിലേക്ക് വ്യക്തികൾക്ക് തടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വനംവകുപ്പിൽനിന്നും സ്വകാര്യവ്യക്തികൾക്ക് വീട് നിർമ്മാണത്തിലേക്കാവശ്യമായ 5 ക്യൂബിക് മീറ്റർ തേക്ക് തടി എല്ലാ വനം തടി ഡിപ്പോകൾ വഴിയും ചില്ലറ വിൽപനയിലൂടെ ലഭ്യമാക്കിവരുന്നു. സ്വന്തം ആവശ്യത്തിനുവേണ്ടിയാണ് തടി വാങ്ങുന്നതെന്ന് തെളിയിക്കുവാൻ മതിയായ രേഖകൾ (മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ തുടങ്ങിയവ) ഹാജരാക്കി സർക്കാർ തടി ഡിപ്പോകളിൽ നിന്ന് വാങ്ങാം. ഡിപ്പോ ഓഫീസറിൽ നിന്നും ടോക്കൺ വാങ്ങി തടി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly